മി. സ്പീക്കർ : ഇന്നത്തെപ്പോഴാണ് പോയിന്റ് ആഫ് ആർഡർ ഉന്നയിക്കേണ്ടതു് എന്നും ഉന്നയിക്കേണ്ടതെന്നും എല്ലാം എല്ലാപേരുടെയും അഭിപ്രായങ്ങളും കേട്ട കഴിഞ്ഞതിനുശേഷം ഞാൻ ഒരു അവസാന തീരുമാനവും എടുത്തു. ഇനി ഒരു ഡിസ്കഷന്റെ സ്കോപ്പില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ മോഷൻ മൂവുചെയ്തതിനുശേഷം പോയിന്റ് ആഫ് ആർഡർ റെയിസ് ചെയ്യണമെന്നാണോ പറയുന്നതു് ?

മി. സ്പീക്കർ : ഈ മോഷനെ സംബന്ധിച്ച എല്ലാ കാര്യത്തെ സംബന്ധിച്ചും സംസാരിക്കുവാനുള്ള അവസരം ഈ രൂപം അനുസരിച്ചുതന്നെ നൽകിയിട്ടുള്ളതുകൊണ്ടു് പിന്നെ മോഷൻ മൂവ് ചെയ്യാൻപാടില്ലെന്നു പോയിന്റ് ആഫ് ആർഡറായി റെയിസ് ചെയ്യാൻ പാടില്ലെന്നുള്ളതാണ്.

ശ്രീ. മത്തായി മഞ്ഞൂരാൻ : ഈ മോഷൻ അനുവദനീയമല്ലാത്തതുകൊണ്ടു് മോഷൻ മൂവ് ചെയ്യാൻ പാടില്ലെന്നുള്ളതാണു് വാദഗതി. സഭാനടപടിച്ചട്ടങ്ങളിൽ ഒരു മോഷൻ മൂവ് ചെയ്യുന്നതിനു് വ്യക്തമായ ചട്ടങ്ങളും ഉള്ളപ്പോൾ അതിനെതിരായി ഒരു മോഷൻ ഇവിടെ അവതരിപ്പിക്കുന്നതു് ശരിയല്ലെന്നുള്ളതാണു് എന്റെ അഭിപ്രായം.

മി. സ്പീക്കർ : ഇവിടെ സഭാനടപടിച്ചട്ടങ്ങളെല്ലാം പരിശോധിച്ചതിനുശേഷം ഈ മോഷൻ അവതരിപ്പിക്കുന്നതു് ശരിയാണെന്നാണു് എന്റെ റൂളിംഗ്. അതുകൊണ്ടു് മോഷൻ അവതരിപ്പിക്കുന്നതിനായി ഞാൻ ബഹുമാനപ്പെട്ട മെമ്പർ അബുവിനെ ക്ഷണിക്കുകയാണു്.

Consideration of the Report of the Committee on Private Member's Bills and Resolutions

ശ്രീ. കെ. കെ. അബു : സർ, സ്വകാര്യഅംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ 1969-ലെ 11-മതു റിപ്പോർട്ടു് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. മജീദ് : ഞാൻ അതു് അനുകൂലിക്കുന്നു.

Shri Mathai Manjooran : Sir, I object to this motion.

മി. സ്പീക്കർ : ഈ സഭാനടപടിച്ചട്ടം അനുസരിച്ചു് ഈ റിപ്പോർട്ടു് അഡോപ്റ്റു ചെയ്യണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ചു് സംസാരിക്കാൻ അരമണിക്കൂർ മാത്രമാണു് അനുവദനീയമായിട്ടുള്ളതു്. അപ്പോൾ ഒരു മെമ്പർക്കു് ഏറിയ പങ്കു് അഞ്ചുമിനിട്ടുമാത്രമേ സംസാരിക്കുവാൻ അനുവാദം ഉള്ളൂ. ആ സമയത്തുതു് മോഷന്റെ അഡ്മിസിബിലിറ്റിയെപ്പറ്റിയോ ഇൻഅഡ്മിസിബിലിറ്റിയെപ്പറ്റിയോ എല്ലാം പറയാൻ കഴിയും. പക്ഷേ ഒരു കാര്യമുണ്ടു്, അതേപ്പറ്റി സംസാരിച്ചുകഴിഞ്ഞാൽ ആ സമയംകൂടി മോഷനുവേണ്ടിയുള്ള സമയത്തിൽ കൂട്ടിക്കൊടുക്കുന്നതായിരിക്കുമെന്നു ഞാൻ സഭയെ അറിയിക്കുകയാണു്.

തീർച്ചയായും അങ്ങോട്ടു കൂട്ടിക്കൊടുക്കേണ്ടിവരുമെന്നു ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരെ അറിയിക്കുകയാണു്. അഞ്ചുമിനിട്ടിൽ കൂടുതൽ ബഹുമാനപ്പെട്ട മെമ്പറന്മാർ സംസാരിക്കുന്നതിനു് എടുക്കരുതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : വളരെ ഗുരുതരമായ നിയമപ്രശ്നം ആയതുകൊണ്ടു് അരമണിക്കൂർ മാത്രം മതിയാകുമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. അരമണിക്കൂർ എന്നുള്ളതു് തീരെ അപര്യാപ്തമാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : രൂപം 213-ൽ അരമണിക്കൂർ എന്നു പറഞ്ഞിരിക്കുന്നതു് ഒരു മോഷനെപ്പറ്റിയുള്ള ഡിസ്കഷനാണു്

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ചന്ദ്രശേഖരവാര്യർ കൊടുത്തിട്ടുള്ള മോഷൻ മൂവ് ചെയ്തുകൊണ്ട് സംസാരിക്കണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : അതു മൂവ് ചെയ്ത് സംസാരിക്കുന്നതിനു മുൻപ് എനിക്കു പറയുവാനുള്ളതു് റൂൾ 213-ൽ പറയുന്ന കാര്യമാണു്. ഇങ്ങനെയുള്ള ഒരു മോഷൻ വന്നാൽ അതു ഡിസ്കസ് ചെയ്യുന്നതിനെ സംബന്ധിച്ചാണു്; എനിക്കു റെയിസ് ചെയ്യാനുള്ളതു് ഡിസ്കഷന്റെ ഭാഗമായിട്ടല്ല. ഇതു ഡിസ്കസ് ചെയ്യാൻ പാടില്ലെന്നുള്ളതാണു്. മോഷന്റെ ഡിസ്കഷനുവേണ്ടിയാണു് അര മണിക്കൂർ എന്നു പറയുന്നതു്. റൂൾ 213 കൈകാര്യംചെയ്യുന്നതു് ഇതിന്റെ ചർച്ചയെ സംബന്ധിച്ചാണു്. അതേസമയം റൂൾ 281 ഇവിടെ എല്ലാപേരും വായിച്ചുകേട്ടതുമാണു്. പോയിന്റ് ആഫ് ആർഡർ റെയിസ് ചെയ്യുന്നതിനെ സംബന്ധിച്ച പ്രൊവിഷൻ ഉൾക്കൊള്ളുന്നതാണതു്. അങ്ങു മുൻപു നൽകിയ റൂളിംഗ് അനുസരിച്ചാണെങ്കിൽ ഒരു ബിസിനസ് അസംബ്ലിയുടെ മുൻപിൽ വന്നാൽ അതിന്റെ പ്രൊപ്രൈറ്ററിയെ സംബന്ധിച്ച് റെയിസ് ചെയ്യാം. അതു് ഡിസ്കഷന്റെ ഭാഗം ആകുകയില്ല. അതു് ഡിസ്കഷന്റെ ഭാഗം ആകുന്നതു് എങ്ങനെയാണു് ? ഡിസ്കഷൻ എന്നു പറഞ്ഞാൽ അതിനെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ അതിന്റെ ഭേദഗതികളെ സംബന്ധിച്ച മെറിറ്റ്സിലേക്കു കടക്കുകയോ ചെയ്യുന്നതാണു്. അതിന്റെ പ്രൊപ്രൈറ്ററിയെ സംബന്ധിച്ചുള്ളതു് ഡിസ്കഷന്റെ ഭാഗമല്ല. അതു് റൂൾ 281 അനുസരിച്ചു് പോയിന്റ് ആഫ് ആർഡർ ആണു്. 281 അനുസരിച്ചുള്ള പോയിന്റ് ആഫ് ആർഡർ റെയിസ് ചെയ്യാൻ ടൈം ലിമിറ്റ് ചെയ്യുന്നതിൽ അർത്ഥമില്ല. പോയിന്റ് ആഫ് ആർഡർ റെയിസ് ചെയ്യാൻ ആവശ്യമായ സമയം കൊടുക്കേണ്ടിവരും. അതുകൊണ്ടു് പോയിന്റ് ആഫ് ആർഡർ റെയിസ് ചെയ്യാനുള്ള അവകാശം ഡിസ്കഷന്റെ ഭാഗം ആണെന്നുള്ള നിലയിൽ ഡിസ്കഷന്റെ സ്റ്റോപ്പിനകത്തു് വരുത്തിക്കൊണ്ടു് ലിമിറ്റുചെയ്യുന്നതു് ശരിയല്ല. അതുകൊണ്ടു് ഞാൻ എന്റെ പോയിന്റ് ആഫ് ആർഡർ റെയിസ്ചെയ്യുകയാണു്.

My point of order is that this Report and the Resolutions contained in the Report are not admissible to be discussed as a non-official resolution.

ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാട് : ഇവിടത്തെ പ്രശ്നം ഇതൊരു സ്റ്റാറ്റ്യൂട്ടറി റസല്യൂഷൻ ആണോ അല്ലയോ എന്നുള്ളതാണു്. റൂൾ 22 വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. സ്റ്റാറ്റ്യൂട്ടറി റസല്യൂഷൻ ബാലറ്റുചെയ്യാൻ പാടില്ല. ഇവിടെ ബാലറ്റു ചെയ്തുകഴിഞ്ഞു. അങ്ങനെ ബാലറ്റു ചെയ്തുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് ഇതൊരു സ്റ്റാറ്റ്യൂട്ടറി റസല്യൂഷനല്ല. സ്റ്റാറ്റ്യൂട്ടറി റസല്യൂഷൻ ആണോ അല്ലയോ എന്നുള്ളതു് നോക്കേണ്ടതു് തീർച്ചയായും അതിനുമുൻപാണു്. ഇനി സ്റ്റാറ്റ്യൂട്ടറി റസല്യൂഷൻ ആണെന്നു പറഞ്ഞു് റസ്ട്രിക്റ്റ് ചെയ്യാനുള്ള സ്കോപ്പില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കമ്മിറ്റിക്കു് യാതൊരു വിധത്തിലുള്ള ഇപ്പറഞ്ഞ അധികാരങ്ങളുമില്ല. ടൈംലിമിറ്റ് ഫിക്സ് ചെയ്യുകമാത്രമേ അവർ ചെയ്യുന്നുള്ളൂ.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ മോഷൻ മൂവ് ചെയ്യുന്നുണ്ടോ എന്നറിയണം. റൂൾ 22 അനുസരിച്ചുള്ള റസല്യൂഷന്റെ കാര്യമാണു് ശ്രീ. വാര്യർ പറഞ്ഞതു്. അദ്ദേഹം മോഷൻ മൂവ് ചെയ്യുന്നില്ലെങ്കിൽ പോയിന്റ് ഓഫ് ഓർഡറിന്റെ പ്രശ്നമില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഞാൻ പല പ്രാവശ്യവും പറഞ്ഞു മൂവ് ചെയ്യുന്നില്ലെന്നു്. എല്ലാം വിശദമായി പരിശോധിച്ചശേഷം മോഷൻ മൂവ് ചെയ്യേണ്ടതില്ലെന്നു മനസ്സിലായി. അതുകൊണ്ടു് എന്റെ അമെൻഡ്മെന്റ് യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഓർഡറിലല്ല, അതുകൊണ്ടാണ് ഞാൻ മൂവ് ചെയ്യുന്നില്ല. അഡ്മിസിബിലിറ്റിയെപ്പറ്റി പറയുകയാണെങ്കിൽ ബഹുമാനപ്പെട്ട കെ. ജി. എൻ. നമ്പൂതിരിപ്പാട് പറഞ്ഞതുപോലെ ബാലറ്റു ചെയ്യുന്നതിനു മുമ്പ് നോക്കേണ്ടതാണ്. അഡ്മിസിബിലിറ്റി നോക്കേണ്ടത് ആരാണെന്നുള്ളതിനെ സംബന്ധിച്ച് റൂൾ 119-ൽ പറഞ്ഞിട്ടുണ്ട്. റൂൾ 119 അനുസരിച്ച് റസല്യൂഷന്റെ അഡ്മിസിബിലിറ്റി നോക്കേണ്ടതാണ്. അഡ്മിസിബിലിറ്റി നോക്കേണ്ടത് ബഹുമാനപ്പെട്ട സ്പീക്കറാണ്. അല്ലാതെ കമ്മിറ്റിയല്ല. കമ്മിറ്റി ആണെന്നുള്ള ഒരു ധാരണ കഴിഞ്ഞ 22-ാം തീയതി പറഞ്ഞാൻ പലരും ശ്രമിച്ചെങ്കിലും യഥാർത്ഥത്തിൽ കമ്മിറ്റിക്ക് അതിനുള്ള അധികാരമില്ല. സ്പീക്കറാണ് അഡ്മിസിബിലിറ്റി നോക്കേണ്ടതെന്ന് റൂൾ 119 ൽ വളരെ വ്യക്തമായിപറഞ്ഞിട്ടുണ്ട്. അഡ്മിസിബിലിറ്റി തീരുമാനിച്ചശേഷമാണ് ബാലറ്റെടുക്കാൻ നിർദ്ദേശം കൊടുക്കേണ്ടത്. എന്നാൽ എന്റെ ആക്ഷേപം അഡ്മിസിബിലിറ്റി തീരുമാനിച്ചിട്ടുള്ളതിൽ പിശകു പറ്റിയിട്ടുണ്ടെന്നും അതു തെറ്റാണെന്നും അതുകൊണ്ട് ബാലറ്റു ചെയ്യാൻ അയച്ചുകൊടുക്കാൻ പാടില്ലായിരുന്നതായിരുന്നുവെന്നും ആണ്. അതിന്റെ കാരണമായി ചൂണ്ടിക്കാണിക്കുവാനുള്ളത് റൂൾ 22 ആണ്. അതിൽ പറയുന്നത് 'A resolution, notice of which has been given in pursuance of a provision in the Constitution or in an Act of the Legislature, shall not be balloted under rule 21'. അങ്ങനെ ഏതെങ്കിലും ഒരു മെമ്പർ ഈ നിലയിലുള്ള ഒരു റസല്യൂഷനു നോട്ടീസ് നൽകിയാൽ ആ റസല്യൂഷൻ റൂൾ 21 അനുസരിച്ച് ബാലറ്റു ചെയ്യാൻ പാടില്ല. അതുകൊണ്ട് ബാലറ്റു ചെയ്തു കഴിഞ്ഞിരിക്കുന്നു എന്നു പറയുന്ന വാദം ബാലിശമാണ്. അതിനു യാതൊരർത്ഥവുമില്ല. പ്രമേയം ഇവിടെ വരുന്നതിനുമുൻപു് ഒബ്ജക്ഷൻ ചെയ്യാനുള്ള അവകാശം മെമ്പറന്മാർക്കില്ല. അതുകൊണ്ട് ഇവിടത്തെ പ്രശ്നം ഇതു് റൂൾ 22 അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി റസല്യൂഷൻ ആണെന്നുള്ളതാണ്. എന്നാണ് ഒരു റസല്യൂഷൻ സ്റ്റാറ്റ്യൂട്ടറിയാകുന്നതെന്ന് റൂളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്, അതു 'In pursuance of a provision in the Constitution or in an Act of the Legislature' ആയിരിക്കണം. ഈ റസല്യൂഷൻ വായിച്ചാൽ മനസ്സിലാകുന്നതു് അതു കമ്മിഷൻ ഓഫ് എൻക്വയറീസ് ആക്ടിന്റെ മൂന്നാം വകുപ്പ് അനുസരിച്ചുള്ള ഒരു റസല്യൂഷൻ ആണെന്നാണ്. കമ്മിഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ (3) അനുസരിച്ചുള്ള റസല്യൂഷൻ ആണ് ഇതെന്നു കാണാൻ കഴിയും. 'In pursuance of a provision in the Constitution or in an Act of the Legislature,' എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം രാജസ്ഥാൻ ഹൈക്കോടതി "The words 'in pursuance of' used in a notification do not mean what would be conveyed by 'in exercise of powers conferred by'. The words 'in purpuance of' have several meanings. Thus in a particular case, it may mean, 'confirmable to' or 'in accordance with.'

മി. സ്പീക്കർ : എളുപ്പം പറഞ്ഞു തീർക്കണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഇതു് ഒരു പോയിന്റ് ഓഫ് ഓർഡറാണ്. എനിക്കു പറയുവാനുള്ളതു മുഴുവനും പറയണം.

മി. സ്പീക്കർ : അതിനു കൂടുതൽ സമയം എടുക്കാൻ സാധ്യമല്ല. കാരണം ഇതിനു മുൻപൊരു ദിവസം ഇതുപോലെയുള്ള റസല്യൂഷൻ ഇവിടെ വന്നപ്പോഴും ഇതുപോലെതന്നെ പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തിട്ട് അവസാനം സമയം കഴിഞ്ഞുവെന്നു പറഞ്ഞു് റസല്യൂഷൻ മൂവ് ചെയ്യാനോ അതേ സംബന്ധിച്ചു തീരുമാനമെടുക്കാനോ നിവൃത്തിയില്ലാത്ത ഒരു സാഹചര്യം ഉണ്ടായിട്ടുള്ളതു് ബഹുമാനപ്പെട്ട മെമ്പറന്മാർക്കറിയാം. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ വേഗം പറഞ്ഞു തീർത്തില്ലെങ്കിൽ അവസാനം ടൈം കഴിഞ്ഞുപോയി എന്നെല്ലാം പറഞ്ഞു് മുൻപി

LIBRARY ARCHIVES Kerala Legislative Assembly

ലത്തെ സഹചര്യം സൃഷ്ടിക്കുന്നതു് ശരിയായിരിക്കുകയില്ല. അതുകൊണ്ടു് ഞാൻ സമയം നിയന്ത്രിക്കുകയാണു്. ബഹുമാനപ്പെട്ട മെമ്പർക്കു പറഞ്ഞുതീർക്കാനുള്ളതു് അഞ്ചു മിനിട്ടിനകം പറയണം.

ശ്രീമതി കെ. ആർ. ഗൗരി : ഇതൊരു സ്റ്റാറ്റ്യൂട്ടറി റസല്യൂഷൻ ആണോ അല്ലയോ എന്നുള്ളതു നെ സംബന്ധിച്ചാണു് ഇവിടെ തർക്കം. അതിന്റെ ലീഗലായിട്ടുള്ള കാര്യങ്ങളും ഞങ്ങൾക്കും പറയണം. അതിനുള്ള സമയം കിട്ടണം. ഇതൊരു സ്റ്റാറ്റ്യൂട്ടറി റസല്യൂഷനായി വരേണ്ടതായിരുന്നു. ചെയ്യേണ്ടതു് ചെയ്യാതിരിക്കുകയാണു്. ഇതിന്റെ പ്രൊസീഡുവർ ഒന്നു മാറ്റിയാൽ മതിയായിരുന്നു. ഈ പ്രൊസീഡുവർമാറ്റിയിട്ടു് ഒരു ബുള്ളറ്റിൻ ആയി ഇഷ്യൂചെയ്തശേഷം അവതരിപ്പിക്കാമെന്നു് സ്പെസിഫിക്കായി എഴുതിയിരിക്കുന്നു. അങ്ങനെയല്ലാതെ ഒരു പ്രൈവറ്റു് മെമ്പർ റസല്യൂഷനായി കൊണ്ടുവന്നാൽ ഞങ്ങൾക്കും പറയാനുള്ളതു് കേൾക്കണം. ഇവിടെ മൂന്നു പ്രമേയങ്ങളാണു വന്നിട്ടുണ്ടു്. മൂന്നും ഒരേ തരത്തിലുള്ളതാണു്. അങ്ങനെ പാടില്ല. മറ്റു രണ്ടു പ്രമേയങ്ങളും കാണുന്നില്ല. ഇങ്ങനെ പ്രമേയം കൊണ്ടുവരുന്നതിനു് ഒരു പ്രോപ്പർ കോഴ്സുണ്ടു്. അതെന്താണു് ?

ശ്രീ. സി. കെ. രാജൻ : ശ്രീ. സി. ബി. സി. വാര്യർ പോയിന്റു് ഓഫ് ആർഡർ ഉന്നയിച്ചുകഴിഞ്ഞില്ല.

Smt. K. R. Gouri : Point of order can be raised only with the permission of the Speaker.

മി സ്പീക്കർ : ആർഡർ ആർഡർ. രണ്ടുപേരും ഇരിക്കണം. ശ്രീ. സി. ബി. സി. വാര്യർ പോയിന്റു് ഓഫ് ആർഡർ ഉന്നയിച്ചുകൊണ്ടിരിക്കുമ്പോഴാണു് റവന്യൂ മിനിസ്റ്റർ സംസാരിക്കാൻ എഴുന്നേറ്റതു്. ശ്രീ. സി. ബി. സി. വാര്യർക്കു് ഇനിയും സംസാരിക്കണമെന്നുണ്ടെങ്കിൽ റവന്യൂമന്ത്രി സംസാരിക്കുന്നതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ഇതു പറയാൻ കാരണം അതിൽ ലീഗൽ കാസ്റ്റ്യൻ അടങ്ങിയിട്ടുണ്ടു്. Rule 22 says that a resolution, notice of which has been given in pursuance of a provision in the Constitution or in an Act of the Legisleture, cannot be balloted. ഇവിടത്തെ in pursuance of എന്ന വേഡിംഗിന്റെ അർത്ഥം in accordance with എന്നാണു്. ഞങ്ങളുടെ വാദം കമ്മീഷൻ ആഫ് എൻക്വയറി ആക്ടിന്റെ സെക്ഷൻ 3 പ്രകാരം കൊണ്ടുവന്നിരിക്കുന്ന ഒരു റസല്യൂഷനാണു് ഇതെന്നാണു്.

Shri T. K. Divakaran : No, Sir. Nobody has stated that.

Smt. K. R. Gouri : The report is presented before the House. An appendix is also there.

ശ്രീ. പി. എസ്. ശ്രീനിവാസൻ : റിപ്പോർട്ടിനു് അപ്പൻറിക്സില്ല. അതു് മിനിട്സാണു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ലീഗൽ കാസ്റ്റ്യൻ റയിസു് ചെയ്യാൽ അതു കോൺക്രീറ്റായതൊരു വിരോധവുമില്ല. പക്ഷേ ഒരു മെമ്പർക്കു് .....

Smt. K. R. Gouri : I am still standing.

ശ്രീ എം. എൻ. ഗോവിന്ദൻ നായർ : ശ്രീ. സി. ബി. സി. വാര്യരെക്കൊണ്ടു് അവരുടെ കേസ്സു പട്ടപ്പു ചെയ്യാൻ പറ്റിയാത്തതുകൊണ്ടാണോ ശ്രീമതി ഗൗരി എഴുന്നേറ്റു നിൽക്കുന്നതു് ?

ശ്രീമതി കെ. ആർ. ഗൗരി : ആർക്കു് കഴിവുണ്ടു്, ആർക്കു് കഴിവില്ല എന്നുള്ളതൊന്നും നമുക്കു് ഇപ്പോഴും നോക്കേണ്ടയാവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Order, order. Mr. Warrier may continue.

Shri C. B. Chandrasekhara Warrier : Sir, my point of order is not finished. When the Revenue Minister rose to explain something, I yielded. സ്റ്റാറ്റ്യൂട്ടറി റസല്യൂഷനാണോ ഇല്ലയോ എന്നുള്ളതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഇതു് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, in pursuance of a provision in the Constitution or in an Act of the Legislature. അതിന്റെ അർത്ഥം ഒരു ലജിസ്ലേച്ചർ പാസ്സാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലുള്ളതാണോ എന്നാണു്. അതനുസരിച്ചുള്ള ഒരു പ്രമേയമാണു് ഇതു്. കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് 3 അനുസരിച്ചു ലജിസ്ലേച്ചർ എന്നു പറഞ്ഞാൽ അതിന്റെ അർത്ഥത്തെക്കുറിച്ചു് വളരെയധികം ചിന്തിക്കേണ്ട. ലാ ഡിക്ഷ്ണറിയിലും ചേമ്പേഴ്സ് ഡിക്ഷ്ണറിയിലും എല്ലാംതന്നെ legislature means 'a law making body' എന്നാണു്. അതു വളരെ ക്ലീയറാണു്. ലജിസ്ലേച്ചർ എന്നു പറഞ്ഞിരിക്കുന്നതു് നമ്മുടെ പാർലമെന്റിനേയും അസംബ്ലിയേയുംകൂടി ഉദ്ദേശിച്ചാണു്. ഈ പ്രൊവിഷൻ അനുസരിച്ചു് അസംബ്ലി എന്നു മാത്രമാണു് നമ്മുടെ നിയമസഭയെക്കുറിച്ചു് ഉപയോഗിച്ചിരിക്കുന്നതു്. അപ്പോൾ അസംബ്ലിയെന്ന വാക്കു മാറ്റിയിട്ടു് ഇവിടെ ലജിസ്ലേച്ചർ എന്നുപയോഗിച്ചപ്പോൾ ഈ അസംബ്ലിയും അതുപോലെതന്നെ നിയമം നിർമ്മിക്കാൻ അധികാരമുള്ള എല്ലാ സഭയും ഉൾപ്പെടുന്നതാണു്. അതുകൊണ്ടു് കമ്മീഷൻ ഓഫ് എൻക്വയറി ആക്റ്റു് അനുസരിച്ചുള്ള ഇതു് ഒരു സ്റ്റാറ്റ്യൂട്ടറി റസല്യൂഷനാണു്. അതുകൊണ്ടു് റൂൾ 22 അനുസരിച്ചു് ബാലറ്റു ചെയ്യാൻ പാടില്ല. അങ്ങനെ ഏതെങ്കിലും ഒരു റസല്യൂഷനു് ഏതെങ്കിലും ഒരു മെമ്പർ നോട്ടീസ് നൽകിക്കഴിഞ്ഞാൽ അതിനെ ഗവണ്മെന്റിനു് അയച്ചുകൊടുക്കുകയും അതു് ഒരു സ്പെഷ്യൽ ബുള്ളറ്റിനായി പ്രസിദ്ധപ്പെടുത്തുകയും ചെയ്യണം. എന്നിട്ടു് സഭാനേതാവുമായി ആലോചിച്ചു് ദിവസം നിശ്ചയിച്ചു് ചർച്ചചെയ്യാവുന്നതാണു്. ആ രീതിയിലുള്ള ഒരു റസല്യൂഷൻ നമ്മുടെ ഇവിടെ ചർച്ച ചെയ്തിട്ടുണ്ടു്. ബഹുമാനപ്പെട്ട എലക്ട്രിസിറ്റി മിനിസ്റ്റർതന്നെ എലക്ട്രിസിറ്റി സപ്ലൈ ആക്റ്റിനെ ഭേദഗതിയുള്ള ഒരു റസല്യൂഷൻ മൂവ് ചെയ്തു. അതു് മൂവ് ചെയ്തതും ചർച്ചചെയ്തതും റൂൾ 22 അനുസരിച്ചാണു്. അതേ രീതിയിൽ സെൻട്രൽ ആക്ടിന്റെ സെക്ഷൻ 3 അനുസരിച്ചു് സ്റ്റാറ്റ്യൂട്ടറി റസല്യൂഷനാണു് ഇന്നു് നോട്ടീസ് കൊടുത്തിരിക്കുന്നതു്. അങ്ങനെ നോട്ടീസ് കൊടുക്കുമ്പോൾ റൂൾ 22–നെ ആശ്രയിച്ചു് സ്റ്റാറ്റ്യൂട്ടറി റസല്യൂഷൻ എന്ന രീതിയിൽ കൊടുക്കുകയായിരുന്നു വേണ്ടതു്.

Mr. Speaker : The point is clear.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ശ്രീ. സി. ബി. സി. വാര്യർക്കു് അഞ്ചു മിനിട്ടുകൂടിയേ ഉള്ള എന്നു പറഞ്ഞിട്ടു് ഇപ്പോൾ പത്തു പതിനഞ്ചു മിനിട്ടായി.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : നിയമപ്രശ്നങ്ങൾ വ്യക്തമായി മനസ്സിലാകുന്നതുവരെ സംസാരിക്കാൻ അവസരം കൊടുക്കണം. നിയമത്തെ ലംഘിച്ചുകൊണ്ടു പോകുന്നതു ശരിയല്ല.

(പല അവസരങ്ങളിലും പല അംഗങ്ങളും എഴുന്നേറ്റുനിന്നു് എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.)

ശ്രീ. സി. ബി. സി. വാര്യർ : എനിക്കു് മറ്റൊന്നു ചൂണ്ടിക്കാണിക്കാനുണ്ടു്. ഈ റസല്യൂഷൻ ബാലറ്റുചെയ്യാൻ പാടില്ലായിരുന്നു എന്ന അബ്ജക്ഷൻ ഞാൻ റയിസുചെയ്തു. അതുപോലെതന്നെ ഈ റസല്യൂഷൻ റൂൾ 117 അനുസരിച്ചു അഡ്മിസിബിളല്ല. ഈ റസല്യൂഷനിൽ പറയുന്നതു "ആരോഗ്യമന്ത്രി ശ്രീ. ബി. വില്ലിംഗ്ടനെതിരായി നിയമസഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള അഴിമതിആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്താൻ 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്റ്റ് അനുസരിച്ചു് ഒരു ഹൈക്കോടതി ജഡ്ജിയെയോ,....." എന്നാണു്. 1967-ലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുപ്പിനശേഷം തന്നെയാണെങ്കിൽ സർ, 1967 മാർച്ച് 15-ാം തീയതി ആരംഭിച്ച സമ്മേളനം തുടങ്ങി പല സമ്മേളനങ്ങളും നടന്നിട്ടുണ്ട്. അന്നെല്ലാം ശ്രീ. വില്ലിംഗ്ടൻ ആരോഗ്യവകുപ്പുമന്ത്രിയായിരുന്നു. ആ കാലത്തു നടന്ന ചർച്ചകളിലെല്ലാം പല അഭിപ്രായങ്ങളും ഉന്നയിച്ചുകാണും. അങ്ങനെ 1967 മാർച്ച് 15-ാം തീയതിമുതൽ ഇന്നുവരെ വിവിധ സമ്മേളനങ്ങളിൽ ഉണ്ടായിട്ടുള്ള പലതിനെക്കുറിച്ചു മാണ് പറഞ്ഞിരിക്കുന്നതു് എന്നുള്ള നിലയിൽ തികച്ചും അവ്യക്തവും സ്പെസിഫിക്കല്ലാത്തതുമായ ഒരു റസല്യൂഷനാണ് ഇതു്. ഇതു് ഏതെങ്കിലും ഒരു പ്രത്യേക സമ്മേളനത്തിലോ ഒരു പ്രത്യേക ഹർജിമൂലമോ ഒരു പ്രത്യേക പ്രമേയംമൂലമോ ഒരു പ്രത്യേക ചർച്ചയിൽകൂടിയോ ഉന്നയിക്കപ്പെട്ടിട്ടുള്ള ഒരു പ്രശ്നമേയല്ല സർ ?

M. Speaker : That is alright.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : 1967 മാർച്ച് 15-ാം തീയതി മുതലുള്ള എല്ലാ സമ്മേളനങ്ങളിലും ഉണ്ടായിട്ടുള്ള എല്ലാ ആരോപണങ്ങളും ഇതിന്റെ പരിധിയിൽ വരുന്നുണ്ട്. അതുകൊണ്ടു് ഇതു് തികച്ചും അവ്യക്തമാണ്. അവ്യക്തമാണെന്നുള്ളതിനു പുറമെ മറെറാരു രൂപം അനുസരിച്ചും ഇതു് അഡ്മിസിബിളല്ലാതെ വരുന്നു; 126 അനുസരിച്ചു്,

(പല മെമ്പറന്മാരും എഴുന്നേറ്റുനിന്നു് എന്തെല്ലാമോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു).

ഒരിക്കൽ ഒരു പ്രശ്നത്തെക്കുറിച്ചു് ചർച്ചചെയ്തു കഴിഞ്ഞാൽ, ചർച്ച ചെയ്ത അതിന്മേൽ ഒരു തീരുമാനം പാസ്സാക്കി കഴിഞ്ഞാൽ അതു പിന്നെ ഒരു വർഷത്തേക്കു് ചർച്ചചെയ്യാൻ പാടില്ലെന്നാണ് റൂൾ 126-ൽ പറയുന്നതു്. 1967 മാർച്ച് 15-ാം തീയതിക്കുശേഷം നടന്നിട്ടുള്ള എല്ലാ സമ്മേളനങ്ങളിലും ബഡ്ജറ്റു ചർച്ചാവേളയിലും എല്ലാംതന്നെ ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ചു് അന്നു കട്മോഷനിൽ കൂടി സഭ അഭിപ്രായം പാസ്സാക്കുകയും വോട്ടിനിട്ടു തള്ളുകയും ചെയ്തു. അങ്ങനെ ചർച്ചചെയ്തു പാസ്സാക്കിയ ഒരു പ്രശ്നത്തെ സംബന്ധിച്ചു് വീണ്ടും ഒരു പ്രമേയം വരുകയാണെങ്കിൽ അതു് റൂൾ 126-നു് വിരുദ്ധമാകും. അതുകൊണ്ടു് അങ്ങനെയുള്ള കാര്യത്തെ സംബന്ധിച്ചു് ചർച്ച നടത്താൻതന്നെ പാടില്ല.

ഈ മൂന്നു പോയിൻറുകളുടെ അടിസ്ഥാനത്തിൽ, റൂൾ 22 അനുസരിച്ചു് ബാലറ്റു ചെയ്യാൻ പാടില്ല. 117 (എ) അനുസരിച്ചു് അഡ്മിസിബിളല്ല, 126 അനുസരിച്ചു് ചർച്ച ചെയ്യാവുന്നതല്ല. അങ്ങനെ നോക്കുമ്പോഴും യാതൊരു കാരണവശാലും ഇതു് ഇവിടെ ചർച്ചചെയ്യാനോ പാസ്സാക്കാനോ പാടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഭരണഘടന ആർട്ടിക്കിൾ 168-ൽ ലജിസ്ലേച്ചറിന്റെ ഘടനയെ സംബന്ധിച്ചു് ഇങ്ങനെയാണ് പറയുന്നതു് 'For every State, there shall be a Legislature which shall consist of the Governor' etc., etc. അതുകൂടാതെ ഭരണഘടനയുടെ പാർട്ട് 11-ൽ 'Relations between the Union and States' എന്നും പറഞ്ഞിട്ടുണ്ട്. ഇതിൽ Act of Legislature, Act of Parliament എന്നു വ്യക്തമായിട്ടു് പറയുന്നുണ്ട്. ഇവിടെ പറഞ്ഞിരിക്കുന്നതു് Act of Legislature എന്നാണ്. അതുകൊണ്ടു് ഇതു് സ്റ്റാറ്റ്യൂട്ടറി റസല്യൂഷനല്ല. The Commission of Inquiry Act is an Act of Parliament. It is not governed by Rule 22 of our Rules.

ശ്രീ. ഇ. അഹമ്മദ് : ഈ റസല്യൂഷൻ ഈ അസംബ്ലിയുടെ റൂൾസ് ആഫ് ബിസിനസ്സ് അനുസരിച്ചാണ് കൊടുത്തിരിക്കുന്നതു്. കമ്മീഷൻ ആഫ് എൻക്വയറി ആക്ടിന്റെ സെക്ഷൻ 3 പ്രകാരമല്ല. റൂൾസ് ആഫ് ബിസിനസ്സിന്റെ റൂൾ 114 അനുസരിച്ചാണ് ഇതു കൊടുത്തിരിക്കുന്നതു്. It is not in pursuance of, but to invoke a particular provision of the Statute. Invoke-ഉം in pursuance of-ഉം തമ്മിൽ വളരെ വ്യത്യാസമുണ്ട്.

Smt. K. R. Gouri : No.

Shri E. Ahamed : Sir, I am on my legs. I do not know why the Leader of the House is jumping to conclusions so readily. My humble submission to the Chair is that the Resolution is not in accordance with Section 3 of the Statute, but is in accordance with Rule 11, of the Rules of Business. Therefore it is admissible. Secondly my learned friend Shri Warrier has quoted Rule 126, that is regarding repetition of resolutions. There was no resolution regarding the allegations raised against any Minister. This is the first time that such a resolution is being taken up by the House. Therefore, the contention made by Shri Warrier is untenable.

ശ്രീ. ടി. കെ. ദിവാകരൻ : ഇവിടെ പ്രശ്നം വളരെ ലഘുവായിട്ടുള്ളതാണു്. ഇവിടെ ഒരു നാൺ അഫിഷ്യൽ റസല്യൂഷനാണു് അവതരിപ്പിച്ചിരിക്കുന്നതു്. അനൌദ്യോഗിക പ്രമേയങ്ങളെ സംബന്ധിച്ചിടത്തോളം റൂം 117 ആണു് ബാധകമായിട്ടുള്ളതു്. 117 എ, ബി, സി, ഡി, ഈ വകുപ്പുകൾ പ്രകാരം അഡ്മിസിബിളിറ്റിയുടെയോ നാൺ അഡ്മിസിബിളിറ്റിയുടേയോ പ്രശ്നം ഉദിക്കുന്നില്ല. ഇവിടെ തടസ്സവാദമായി ഉന്നയിച്ചിരിക്കുന്നതു് റൂം 22 ആണു്. റൂം 22 ൽ A resolution, notice of which has been given in pursuance of a provision in the Constitution or in an Act of the Legislature' ഇങ്ങനെയാണു് പറഞ്ഞിരിക്കുന്നതു്. അങ്ങനെ ഒരു നോട്ടീസോടുകൂടി ഒരു റസല്യൂഷൻ ഇവിടെ ആരും അവതരിപ്പിച്ചിട്ടില്ല ; കൊണ്ടുവന്നിട്ടില്ല. കമ്മീഷൻ ആഫ് എൻകയറി ആക്ടിലെ സെക്ഷൻ 3 അനുസരിച്ചു് ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതിനു് ഒരു നോട്ടീസു് ഈ സഭയുടെ മുമ്പാകെ ആരും അവതരിപ്പിച്ചിട്ടില്ല. അങ്ങനെ അവതരിപ്പിക്കാത്തിടത്തോളം കാലം ഈ പ്രമേയം 'in pursuance of an Act' ആയി അവതരിപ്പിച്ചതാണെന്നു് പറയാൻ സാധിക്കുകയില്ല. അതുകൊണ്ടു് റൂം 22 ശ്രീ. സി. ബി. സി. വാര്യരെ സഹായിക്കുകയില്ല എന്നാണു് എന്റെ അഭിപ്രായം.

കമ്മീഷൻ ആഫ് എൻകയറി ആക്ടനുസരിച്ചു് നടപടിയെടുക്കണമെന്നല്ലാതെ കമ്മീഷൻ ആഫ് എൻകയറീസ് ആക്ടിലെ 3-ാം വകുപ്പു് ഇൻവോക്ക ചെയ്തതു് 'I move this Resolution' എന്നു് ആരും പറഞ്ഞിട്ടില്ല. അങ്ങനെ ഒരു റസല്യൂഷൻ ഈ സഭയുടെ മുമ്പാകെയില്ല. ഇവിടെ പറഞ്ഞിരിക്കുന്നതു് കമ്മീഷൻ ആഫ് എൻകയറീസ് ആക്ടനുസരിച്ചു് നടപടി എടുക്കണമെന്നമാത്രമാണു്. viz Section 3 of the Act says : 'The appropriate Government may, if it is of opinion that it is necessary so to do, and shall, if a resolution in this behalf is passed by the House of the People or, as the case may be, the Legislative Assembly of the State" എന്നാണു്. പൊതുപ്രാധാന്യമുള്ള ഒരു പ്രശ്നത്തിന്മേൽ ഗവണ്മെന്റു് സ്വമേധയായോ അല്ലെങ്കിൽ നിയമസഭ ഒരു പ്രമേയംമൂലം ആവശ്യപ്പെടുകയോ ചെയ്തിരുന്നാൽ വ്യക്തമായ ഏതെങ്കിലും കാര്യത്തിന്മേൽ എടുക്കേണ്ട നടപടികളെപ്പറ്റിയാണു് കമ്മീഷൻ ആഫ് എൻകയറി ആക്ടിൽ പറഞ്ഞിരിക്കുന്നതു്. ഈ പ്രമേയം ഇവിടെ പാസ്സാക്കിയാൽ എന്തു നടപടിയെടുക്കണമെന്നുള്ളതു മാത്രമാണു് കമ്മീഷൻ ആഫ് എൻകയറി ആക്ടു് 3-ാം പട്ടികയിൽ കാണുന്നതു്. അല്ലാതെ ഈ വകുപ്പു് ഈ നിയമസഭയിൽ ഒരു അനൌദ്യോഗികപ്രമേയം അവതരിപ്പിക്കുന്നതെങ്ങനെയെന്നോ, അതാവശ്യമാണെന്നോ ഉള്ള കാര്യത്തിൽ യാതൊരുവിധത്തിലും സഹായം നൽകുന്നില്ല. നിയമസഭയെ സംബന്ധിച്ചിടത്തോളവും അതിന്റെ പ്രൊസീഡിയറിനെ സംബന്ധിച്ചിടത്തോളവും റൂംസ് ആഫ് ബിസിനസ്സു് അല്ലാതെ മറ്റു് യാതൊരു നിയമവും നിയമസഭയ്ക്കു് കൺസിഡർചെയ്യേണ്ട കാര്യമില്ല ; കാൺസ്റ്റിറ്റ്യൂഷനു വിധേയമായി, റൂംസ് ആഫ് ബിസിനസ്സുമാത്രമാണു് അസംബ്ലിക്കു് ബാധകമായിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചിടത്തോളം റൂം 117 ആണു് നമുക്കു

LIBRARY ARCHIVES Kerala Legislative Assembly

ധാരമാക്കേണ്ടതു്. 22 ന്റെ പേരിൽ നോട്ടീസുകൊടുത്ത ഒരു റസല്യൂഷൻ ഇവിടെ ഇല്ല. അതുകൊണ്ടു് റൂളിംഗിൽ ഇക്കാര്യങ്ങളും കണക്കിലെടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി : സർ, 117 ൽ പറയുന്ന കാര്യങ്ങൾമാത്രം നോക്കിയാൽ പോര. റൂളുകൾ 20, 21, 22, ഒക്കെ നോക്കണം. 21ൽ ബാലറ്റ് പെപ്പറിൽ പറയുന്നുണ്ടു്. രണ്ടുവിധത്തിലാകാം പ്രമേയങ്ങൾ എന്നാണു് ഈ റൂളുകളിൽ പറയുന്നതു്. ഒന്നു്: സാധാരണ റസല്യൂഷനുകൾ. രണ്ടു്: സ്റ്റാറ്റ്യൂട്ടറി റസല്യൂഷനുകൾ. സാധാരണ റസല്യൂഷനാണെങ്കിൽ ബാലറ്റുചെയ്യു് പ്രീസിഡൻസു് നിശ്ചയിക്കാം. സ്റ്റാറ്റ്യൂട്ടറി റെസല്യൂഷനാണെങ്കിൽ, 21-ാം റൂൾ പ്രകാരമുള്ള ബാലറ്റല്ല. ഉടൻതന്നെ സ്പീക്കർ അതു് നോട്ടിഫൈ ചെയ്തു് ബുള്ളറ്റിൻ ആയി പ്രസിദ്ധീകരിക്കുകയും വിവരം ഗവണ്മെൻറിനെ അറിയിക്കുകയും ചെയ്യണം.

Shri T. K Divakaran : Condition precedent to statutory resolution is not present here.

ശ്രീമതി കെ. ആർ. ഗൗരി : പറയാം. ഇതു് പ്രൈവറ്റു് മെംബേഴ്സു് റെസല്യൂഷൻ ആണു്. സാധാരണ റെസല്യൂഷനെ സംബന്ധിച്ചും സ്റ്റാറ്റ്യൂട്ടറി റെസല്യൂഷനെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ടു്.

'A resolution, notice of which has been given in pursuance of a provision in the Constitution or in an Act of the Legislature shall not be balloted under rule 21'.

എന്നു പറയാൻ കാരണം.....

Shri T. K. Divakaran : Notice is important.

ശ്രീമതി കെ. ആർ ഗൗരി : കമ്മീഷൻ ആഫ് എൻക്വയറി ആക്ടു് സെക്ഷൻ 3 പ്രകാരം നടപടിയെടുക്കുന്നതിനുവേണ്ടി നിയമസഭയിൽ കൊണ്ടുവന്നിരിക്കുന്ന ഈ റെസല്യൂഷൻ സ്റ്റാറ്റ്യൂട്ടറി റെസല്യൂഷനാണു്.

Shri T. K. Divakaran : No. No. This is not a statutory resolution. There is no mention of notice under section 3 in the resolution.

Shri N. K. Seshan : There is no mention of notice.

ശ്രീമതി കെ. ആർ. ഗൗരി : അല്ല. ഞങ്ങൾക്കു് കിട്ടിയിരിക്കുന്നതു്, സെക്ഷൻ 3 പ്രകാരം നടപടിയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള റെസല്യൂഷനാണു്. അതുപോലെ resolution നിയമസഭാ സെക്രട്ടറിക്കു് അയക്കുന്നതു് Notice ആണു്.

ശ്രീ. ഇ. അഹമ്മദു് : സർ,

ശ്രീമതി കെ. ആർ. ഗൗരി : മറ്റുള്ളവർ സംസാരിക്കുമ്പോൾ ലീഡർ ഇടപെടരുതെന്നും, ഞാൻ സംസാരിക്കുമ്പോൾ ശ്രീ. അഹമ്മദിനു് ഇടപെടാമെന്നുമുള്ള രീതിയിൽ പെരുമാറരുതു്. സ്റ്റാറ്റ്യൂട്ടറി റെസല്യൂഷൻ ആണെന്നു വാദിക്കാനുള്ള കാരണം ഇതാണു്. ഇതു് കമ്മീഷൻ ആഫ് എൻക്വയറി ആക്ടു് സെക്ഷൻ 3 പ്രകാരം നടപടിയെടുക്കുന്നതിനുവേണ്ടി പാസാക്കുന്ന റെസല്യൂഷനാണു്.

ലെജിസ്ലേച്ചർ എന്നു പറഞ്ഞാൽ എന്താണു് അർത്ഥം എന്ന ഒരു വാദം ഇവിടെ വന്നു. 'A body which makes law for a nation and for a State' In the Central Parliament directive the word used is only 'Parliament'. 'A resolution, notice of which has been given in pursuance of a provision in the Constitution or in an Act of the Legislature shall not be balloted'. This is applicable here.

LIBRARY ARCHIVES Kerala Legislative Assembly

സെൻട്രൽ ആക്റ്റ് എന്നു പറയുമ്പോൾ സ്റ്റേറ്റിനെയും ബാധിക്കുന്ന ആക്റ്റുണ്ട്. സ്റ്റേറ്റിനു സെപ്പറേറ്റു ആക്റ്റും ഉണ്ടു. ഡിക്ഷ്ണറിയിൽ പറയുന്നതു ലെജിസ്ലേച്ചർ എന്നു പറഞ്ഞാൽ 'a body which makes law for a nation or for legislature' എന്നാണു.....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ലീഗലായിട്ടുള്ള കാര്യങ്ങളിൽ refer ചെയ്യുന്നതു ഡിക്ഷ്ണറിയാണോ ഭരണഘടനയാണോ ?

ശ്രീമതി കെ. ആർ. ഗൗരി : സെൻട്രൽ പാർലമെന്റിന്റെ ഡയറക്ടീവിൽ എഴുതിയിരിക്കുന്നതു പാർലമെന്റു എന്നുള്ള വാക്കു മാത്രമാണു. Constitution-ൽ Parliament, State legislature or Assemblies എന്നാണു. ഇതിൽ Legislature ന്റെ അർത്ഥം either Parliament or State assembly എന്നാണു.

ശ്രീ. കെ. എം. ജോർജ് : ഏതെങ്കിലും നിയമമനുസരിച്ചു 'നോട്ടീസു കൊടുക്കുന്നു' എന്നു വ്യക്തമായി അതിൽ പറഞ്ഞിട്ടുണ്ടു. അതുതന്നെ വായിച്ചിട്ടു അതിനെതിരായി വാദിക്കുന്നതു ഏതു വക്കീലിന്റെ വാദമാണു ?

ശ്രീമതി കെ. ആർ. ഗൗരി : മോശം വക്കീലിന്റെ വാദമാണു ; അങ്ങനെ വിചാരിച്ചുകൊണ്ടു കേട്ടാൽമതി. Criminal വക്കീലിന്റെ വാദമല്ല.

ശ്രീ. കെ. എം. ജോർജ് : അന്തസ്സുണ്ടെങ്കിൽ അങ്ങനെ പറയുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : അന്തസ്സില്ല, നിങ്ങൾ വളരെക്കൂടുതൽ അന്തസ്സുള്ള ആളുകളാണെന്നറിയാം. അതു മനസ്സിലാക്കിക്കൊണ്ടാണു പറയുന്നതു.

ശ്രീ. കെ. എം. ജോർജ് : എങ്കിൽ നിയമസഭയെ ഫേസു ചെയ്യണം ; ഇങ്ങനെയല്ല കാണിക്കേണ്ടതു.

ശ്രീമതി കെ. ആർ. ഗൗരി : ഓരോരുത്തരും അവരവരുടെ അന്തസ്സു പാലിച്ചുകൊണ്ടാൽമതി, ഞാൻ സംസാരിച്ചു തീർന്നില്ലല്ലോ, അതിനുമുൻപു അങ്ങനെയങ്ങു സംസാരിക്കണ്ട.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : സർ,.....

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ സംസാരിച്ചുകൊണ്ടിരിക്കുകയാണു.

എന്തുകൊണ്ടാണ് അങ്ങനെ പാർലമെന്റിന്റെ ഡയറക്ടീവിൽ പറയാൻ കാരണം ? പാർലമെന്റു നടപ്പാക്കുന്ന നിയമം സെൻട്രൽ പാർലമെന്റു പാസാക്കുന്ന നിയമങ്ങളും മാത്രമാണു. സ്റ്റേറ്റിനെ സംബന്ധിച്ചാണെങ്കിൽ സെൻട്രൽ പാർലമെന്റു പാസാക്കുന്ന നിയമങ്ങളും സ്റ്റേറ്റു ലെജിസ്ലേച്ചർ പാസാക്കുന്ന നിയമങ്ങളും നടപ്പാക്കേണ്ട കമ്മതലയുണ്ടു.....

ശ്രീ. കെ. എം. ജോർജ് : ഇതൊക്കെ ഇവിടെ ആരു പ്രോദിച്ചു ?

ശ്രീമതി കെ. ആർ. ഗൗരി : നമ്മുടെ അസംബ്ലി നടപടിച്ചട്ടങ്ങളിൽ വ്യക്തമായി എല്ലാ വകുപ്പു ളിലും 'അസംബ്ലി' എന്ന വാക്കു ചേർത്തിരിക്കുമ്പോൾ ഇവിടെ 'ലെജിസ്ലേച്ചർ' എന്ന വാക്കുപയോഗിക്കുവാൻ കാരണമുണ്ടു. ലെജിസ്ലേച്ചർ എന്നു പറഞ്ഞാൽ എന്താണെന്നുള്ള ഭരണഘടനയിൽ പറഞ്ഞിട്ടുണ്ടു. അസംബ്ലിയും കൂടിയതാണു അതു'.

'For every State there shall be a Legislature consisting of one House or two Houses. In some States the Upper House is also there'.

പാർലമെന്റും ലെജിസ്ലേച്ചർ ആകാം. ലെജിസ്ലേച്ചർ എന്ന വാക്കുപയോഗിക്കുവാനുള്ള കാരണം എന്താണെന്നുവച്ചാൽ, സ്റ്റേറ്റു ഗവണ്മെന്റിനു സെൻട്രൽ ആക്റ്റും അതുപോലെ സംസ്ഥാനത്തിന്റെ ആക്റ്റും നടപ്പാക്കാനുള്ള കമ്മതല

LIBRARY ARCHIVES Kerala Legislative Assembly

യുണ്ട് ; അതുകൊണ്ടാണ് ലെജിസ്ലേച്ചർ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. കേന്ദ്രത്തിന്റെ എസെൻഷ്യൽ കമേഡിറ്റീസ് ആക്റ്റ് നാം നടപ്പാക്കേണ്ട ആക്റ്റാണ് ; അതുപോലെ എസെൻഷ്യൽ സർവീസ് ആക്റ്റ് നാം നടപ്പാക്കേണ്ടതാണ് ; ഇലക്ട്രിസിറ്റി സപ്ലൈ ആക്റ്റ് എന്ന സെൻട്രൽ ആക്റ്റും നാം നടപ്പാക്കണം.

ശ്രീ. കെ. കെ. അബു : സർ, ഈ വാദങ്ങളുമായി നേരിട്ട ബന്ധമില്ലെങ്കിലും സാമാന്യമായി ഇന്നെയും ബാധിക്കുന്ന ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ആഗസ്റ്റ് 22-ാം തീയതി ഉണ്ടായ വാദകോലാഹലങ്ങളുടെ സന്ദർഭത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ പറയുകയുണ്ടായി, പ്രമേയത്തിന്റെ നിയമവശങ്ങളും എല്ലാം നോക്കിയാണ് കൊണ്ടുവന്നിരിക്കുന്നതെന്ന്. അന്നത്തെ സംഭവം തെറ്റിദ്ധാരണയുണ്ടാക്കാൻ ഇടയുണ്ട്. നോക്കേണ്ടതു നോക്കിയിട്ടില്ല. അതു ഞങ്ങളുടെ കഴിവുകേടാണ് എന്നാക്കെ; ഞങ്ങൾക്ക് ഇതിന്റെ നിയമവശങ്ങൾ നോക്കാൻ യാതൊരധികാരവുമില്ല. ആ നിലയ്ക്ക് തെറ്റിദ്ധാരണയുണ്ടാക്കുന്നതു ശരിയാണോ, അതു ഞങ്ങളെ ബാധിക്കുകയില്ലേ ?

ശ്രീ. കെ. കരുണാകരൻ : സർ, സ്റ്റാറ്റ്യൂട്ടറി റെസലൂഷൻ സംബന്ധിച്ചും 22-ാം വകുപ്പിനെസംബന്ധിച്ചും വ്യക്തമായ ചില വശങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഇതിനെസംബന്ധിച്ച് വിദഗ്ദ്ധമായ അഭിപ്രായം പറഞ്ഞിട്ടുള്ളതു പാർലമെന്റിന്റെ സെക്രട്ടറിയായിരുന്ന കൗൾ ആണ്. സ്റ്റാറ്റ്യൂട്ടറി റെസലൂഷൻ ആയി സഭ പാസാക്കേണ്ട ചില കാര്യങ്ങളും ഉണ്ട്. ഭരണഘടന ഭേദഗതിചെയ്താൽ നിയമസാധുതയുണ്ടാകുമെങ്കിൽ പകുതിയിലധികം ലെജിസ്ലേച്ചറുകളുടെ അംഗീകാരം വേണം. അതുപോലെ ലെജിസ്ലേച്ചറുകളുടെ അംഗീകാരം കിട്ടിയാൽ മാത്രമേ ചില നിയമങ്ങളെ സംബന്ധിച്ചിടത്തോളം നിയമസാധുതയുള്ളൂ. അതാണ് സ്റ്റാറ്റ്യൂട്ടറി റെസലൂഷൻ. ഇവിടെ ഏതെങ്കിലും ഒരു മെംബർ അങ്ങനെയൊരു പ്രമേയം കൊണ്ടുവരാൻ നിയമപ്രകാരം ബാധ്യസ്ഥനല്ല, സ്റ്റാറ്റ്യൂട്ടറി റെസലൂഷൻ ആണെങ്കിൽ നിയമസാധുതയുണ്ടാകുമെങ്കിൽതന്നെ നിയമപ്രകാരം കൊണ്ടുവരാൻ ബാധ്യതയുള്ളവർ പാസാക്കിയാൽ മതി. ഇവിടെ വളരെ വ്യക്തമായ ചിത്രമാണുള്ളത്. വ്യക്തമായി പറഞ്ഞശേഷം വാദിക്കുന്നതിൽ അർത്ഥമില്ല, ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയം ക്രമപ്രകാരമുള്ളതാണ്.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : സർ, ഈ പ്രമേയം സ്റ്റാറ്റ്യൂട്ടറിയായിട്ടു കൊണ്ടുവരാമായിരുന്നുവെന്നു തെളിയുന്നുണ്ട്. അപ്പോഴും സ്റ്റാറ്റ്യൂട്ടറിയായി കൊണ്ടുവരാവുന്ന ഒരു പ്രമേയം പ്രൈവറ്റ് മെംബേഴ്സ് റെസലൂഷനായി കൊണ്ടുവരാമോ എന്ന ചോദ്യത്തെ സംബന്ധിച്ചിടത്തോളംമാത്രം അങ്ങ് വിധി പറഞ്ഞാൽമതിയാകും. പ്രൈവറ്റ് മെംബേഴ്സ് റെസലൂഷനായി കൊണ്ടുവരുന്നതിനു തടസ്സമുണ്ടോ എന്നു നോക്കി റൂളിംഗ് നൽകണം.

മി. സ്പീക്കർ : ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയം.....

ശ്രീ. മത്തായി മാഞ്ഞൂരാൻ : സർ, അങ്ങ് പറയുന്നതു് ഒരു മുൻവിധിയോടുകൂടിയാണ്.

Shri C. H. Mohammed Koya : That is an aspersion against the Chair.

Shri K. M. George : That is to be withdrawn.

Mr. Speaker : That is an aspersion on me.

ശ്രീ. മത്തായിമാഞ്ഞൂരാൻ : സർ, ഞാൻ അതു വ്യക്തമാക്കാം. No aspersion is intended.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ആദ്യമായി അവിടെ ഇരിക്കണം. ബഹുമാനപ്പെട്ട മന്ത്രി, ഞാൻ മുൻവിധിയോടുകൂടി പറയുന്നുവെന്നു് പറഞ്ഞതു് മനഃപൂർവ്വമല്ല, പറഞ്ഞു പോയതെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഏതായാലും അതു പറയരുതായിരുന്നു. കഴിഞ്ഞതവണ റെസലൂഷൻ വന്നപ്പോഴും 12.30 ആയപ്പോഴും സമയം കഴിഞ്ഞുപോയി എന്നു പറഞ്ഞു. സമയം മുഴുവനും സംസാരിച്ചുതീർക്കാൻ പോകുന്നതു ശരിയായിരിക്കയില്ല. ഒരു തീരുമാനമെടുക്കണം. ഒരു മണിക്കൂർനേരം സംസാരിച്ചുകഴിഞ്ഞതാണു്. ബഹുമാനപ്പെട്ട മന്ത്രിയും കുറെയൊക്കെ സംസാരിച്ചുകഴിഞ്ഞതാണു്. ഇനിയും കൂടുതൽ സംസാരിക്കാൻ സമയമെടുക്കുന്നതു ശരിയായിരിക്കയില്ല.

ശ്രീമതി കെ. ആർ. ഗൗരി : സാധാരണനിലയിലുള്ള ചർച്ച നടക്കാതിരിക്കാനുള്ള സാഹചര്യം ഉണ്ടായതിനു ഞങ്ങളാരും കുറ്റക്കാരല്ല. കഴിഞ്ഞ
11 a. m. തവണയും ഈ പ്രാവശ്യവും അങ്ങനെ സംഭവിച്ചു. ഈ കാര്യത്തിൽ മെമ്പറന്മാർക്കു ചില അവകാശങ്ങളും ഉണ്ടു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട റവന്യൂ മന്ത്രി പറയുന്നതുപോലെ മെമ്പറന്മാരുടെ അവകാശമാണെന്നു പറഞ്ഞു് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എല്ലാവരും അഭിപ്രായം പറയാൻ തുടങ്ങിയാൽ ഒരു സംഗതിയും മുമ്പോട്ടു പോകുകയില്ല. റവന്യൂ മന്ത്രിയും വേറെ മൂന്നാളുകളും ഇതിനെപ്പറ്റി പറഞ്ഞു കഴിഞ്ഞു. ഈ ചർച്ച അവസാനിപ്പിക്കേണ്ട സമയമായി. അതു സംബന്ധിച്ചു ഒരു തീരുമാനം എടുക്കേണ്ടതുണ്ടു്.

ശ്രീ. മത്തായിമാഞ്ഞൂരാൻ : സർ, എനിക്കു ഇതിനെപ്പറ്റി സംസാരിക്കാനുണ്ടു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്കു രണ്ടു മിനിട്ടു സമയം മതിയോ ?

ശ്രീ. മത്തായിമാഞ്ഞൂരാൻ : എനിക്കു പറയാനുള്ളതു നിയമപരമായ ചില കാര്യങ്ങളാണു്. അതിനു എത്ര സമയം വേണ്ടിവരുമെന്നു മുൻകൂട്ടി പറയാൻ സാദ്ധ്യമല്ല. I have a right to say.....

Mr. Speaker : But I have the right to know how much time you want. It is my duty to regulate the Business of the House. If I allow you to speak.....

Shri Mathai Manjooran : I have seven points to explain

Mr. Speaker : Now I cannot know how much time you will take.

ശ്രീ. ടി. കെ. കൃഷ്ണൻ : സർ, ഇതിനു് ടൈം ലിമിറ്റു് പാടില്ല.

Shri Mathai Manjooran : Sir, I will do it as clearly, lucidly and as quickly as possible.

Mr. Speaker : I allow you 5 minutes.

Shri Mathai Manjooran : Then I will be very sorry. സർ, നിയമസഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള അഴിമതിയാരോപണങ്ങളും അവ്യക്തമാണെന്നാണു എനിക്കു പറയാനുള്ളതു്. എന്റെ അഭിപ്രായത്തിൽ കഴിഞ്ഞ ആഗസ്റ്റു് 18-ാംനു ശ്രീ. കെ. എം. മാണി ഈ സഭയിൽ ഉന്നയിച്ച ആരോപണങ്ങളും തന്നെയായിരിക്കും ഇന്നും പറയുന്നതു്. ശ്രീ. മാണി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളുംതന്നെ ബഹുമാനപ്പെട്ട വെല്ലിംഗ്ടനെതിരായിട്ടുള്ളതു മാത്രമല്ല. അതിലെ പ്രസക്തഭാഗം വായിക്കണമെങ്കിൽ പത്തു മിനിട്ടു സമയം വേണം. ഈ മന്ത്രിസഭ മുഴുവനും അഴിമതി നിറഞ്ഞതാണെന്നായിരുന്നു ശ്രീ. മാണിയുടെ ആരോപണം. നമ്മുടെ ഭരണഘടനയനുസരിച്ചു ഒരു മന്ത്രിസഭയ്ക്കെതിരായി അഴിമതിയാരോപണം ഒരു ബഹുമാനപ്പെട്ട മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ ഉന്നയിച്ചാൽ അതിൽ ഒരാളിന്റെ പേരിൽമാത്രം നടപടിയെടുക്കണമെന്നു പറയുന്നില്ല. ഭരണഘടന 14-ാം വകുപ്പിൽ അങ്ങനെ പറയുന്നില്ല.

Mr. Speaker : That is alright.

Shri Mathai Manjooran : That is for me to say. Equality before the law should be given to all, and equal justice.....

(Several members on their legs)

Shri Mathai Manjooran : If you are going to laugh at..... പല മന്ത്രിമാർക്കും എതിരായിട്ട് ശ്രീ. മാണി ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ, ഒരാൾക്കെതിരായിട്ടുമാത്രം നടപടിക്കു വിധേയമാക്കാൻ ശ്രമിക്കുന്നതു ശരിയല്ല. രണ്ടാമതു് അന്നത്തെ ആരോപണങ്ങൾക്കു അന്നുതന്നെ നിയമസഭ വിധി എഴുതിയതാണു്. ആ കാര്യങ്ങൾ ഈ നിയമസഭതന്നെ തള്ളിക്കളഞ്ഞിരിക്കുകയാണു്.

Mr. Speaker : That is alright. You come to the point.

Shri Mathai Manjooran : I have to substantiate certain points. May's Parliamentary Practice says.....

Mr. Speaker : I cannot give you more than five minutes.

Shri Mathai Manjooran : These are essential things and it should not be stopped.....

മി. സ്പീക്കർ : സമയനിഷ്ഠം പാലിച്ചില്ലെങ്കിൽ സഭാനടപടികൾ തുടരാൻ വിഷമമാണു്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇഷ്ടം പോലെ സമയം വിനിയോഗിക്കാനാണു ഭാവമെങ്കിൽ എങ്ങനെയാണു സംഗതികൾ മുന്നോട്ടു പോകുന്നതു്? കൂടുതൽ സമയം അനുവദിക്കാൻ നിവൃത്തിയില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : മേയ്സ് പാർലമെന്ററി പ്രാക്ടീസ് എന്താണെന്നു വായിക്കട്ടെ, ഞങ്ങൾ അതൊന്നു കേൾക്കട്ടെ.

ശ്രീ. കെ. കരുണാകരൻ : സർ, പായിന്റ് ആഫ് ആർഡർ ഉന്നയിക്കുന്നതിനെ സംബന്ധിച്ചിടത്തോളം നിയമസഭാചട്ടങ്ങളിൽ പറയുന്നുണ്ടു്. 'No debate shall be allowed on a point of order' ബഹുമാനപ്പെട്ട സ്പീക്കർക്കുതന്നെ ഒരു തീരുമാനം എടുക്കാവുന്നതേയുള്ളൂ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്കു മൂന്നുമിനിട്ടുസമയം തരാം.

Shri Mathai Manjooran : Sir, May's Parliamentary Practice says : "A member, while speaking on a question, may not introduce a matter which is irrelevant to that question; allude to debates of the same session upon any question or bill not then under discussion; *speak against or reflect upon any determination of the House, unless he itends to conclude with a motion rescinding it*; allude to debates of the same session in the other House....." So those reflections not only revive discussion upon questions already decided, but are also wholly irregular. This House has already sat in judgement on those allegations. ഈ നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം അതു് ഉന്നയിച്ചദിവസംതന്നെ നിയമസഭ വിധി എഴുതിയിട്ടുണ്ടു്. അങ്ങനെ വിധിയെഴുതി തള്ളിക്കളഞ്ഞ കാര്യംതന്നെ രണ്ടാമതു ഉന്നയിക്കാൻ പാർലമെന്ററി പ്രാക്ടീസനുസരിച്ചു നിയമമില്ല. അതിനാൽ ഈ പ്രമേയം ആദ്യന്തം ആർഡറിൽ അല്ല. It is invalid *ab initio*.

Mr. Speaker : You please resume your seat. I cannot allow you more time.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി മാഞ്ഞൂരാൻ : സർ, ഇതു നിയമസഭാ ചട്ടങ്ങൾക്കു വിരുദ്ധമായ ഒരു പ്രമേയമാണു്. ഇതു എങ്ങനെ പാസ്സാക്കും. ഞാൻ ഇതിനെ എതിർക്കുകയാണു്.

മി. സ്പീക്കർ : അനൗദ്യോഗികപ്രമേയം എന്നനിലയിൽ ഇതിനെസംബന്ധിച്ചു ചർച്ച വേണ്ടതിലധികം നടന്നിരിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രിക്കു സമയം തന്നുകഴിഞ്ഞു. ഒന്നേകാൽ മണിക്കൂർ ഇതിനെപ്പറ്റി സംസാരിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി കൂടുതൽ സമയം അനുവദിക്കാൻ നിവൃത്തിയില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഏഴു പായിൻറുകളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്കു പറയാനുണ്ടെന്നു പറഞ്ഞതിൽ ശേഷിച്ച ആറു പായിൻറുകളെപ്പറ്റി പറഞ്ഞിട്ടില്ല. അതുകൂടി കേൾക്കാൻ ഞങ്ങൾക്കു അവസരം നൽകണം.

ശ്രീ. മത്തായി മാഞ്ഞൂരാൻ : സർ, ഇതു നിയമസഭാ ചട്ടങ്ങൾക്കു എതിരാണു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്കു ധാരാളം സമയം തന്നുകഴിഞ്ഞു. കൂടുതൽ സമയം അനുവദിക്കാൻ നിവൃത്തിയില്ല.

ശ്രീ. മത്തായി മാഞ്ഞൂരാൻ : പരസ്പരം മനസ്സിലാക്കാതെ, കാര്യങ്ങൾ മുഴുവൻ പറയാൻ സമയം അനുവദിക്കാതെ ഇതു പാസ്സാക്കുന്നതു പ്രയാസമുള്ള കാര്യമാണു്.

ശ്രീ. എ. പി. കുര്യൻ : സർ, വളരെ പ്രധാനപ്പെട്ട നിയമപ്രശ്നങ്ങൾ ഉന്നയിക്കാനുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുന്നു. അതു കേൾക്കാനുള്ള അവകാശം ഞങ്ങൾക്കുണ്ടു്. അതു കേട്ടതിനുശേഷം ഒരു റൂളിംഗ് നൽകുന്നതു നന്നായിരിക്കും. അതിനുവേണ്ട സമയം കൊടുക്കേണ്ടതാണു്.

മി. സ്പീക്കർ : പ്രധാനപ്പെട്ട നിയമവശങ്ങൾ എല്ലാം പറഞ്ഞുകഴിഞ്ഞിരിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ രണ്ടുപ്രാവശ്യം സമയം അനുവദിച്ചു.

Shri Mathai Manjuran : I would like to complete my objection to it.

(സർവ്വശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ഇ. എം. ജോർജ്ജ്, കെ. ഐ. രാജൻ, സി. കെ. ബാലകൃഷ്ണൻ, ഗോവിന്ദപ്പണിക്കർ എന്നിവർ എഴുന്നേറ്റുനിന്നു പ്രതിഷേധശബ്ദം മുഴക്കി)

മി. സ്പീക്കർ : ഈ പ്രമേയത്തെസംബന്ധിടത്തോളം ഒന്നരമണിക്കൂർ സമയം നീണ്ടുനിന്ന വിശദമായ ചർച്ച നടന്നുകഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി രണ്ടാമതും സംസാരിക്കണമെന്നു ആവശ്യപ്പെട്ടു എഴുന്നേറ്റു നിന്നപ്പോഴും സമയം കൊടുക്കുകയുണ്ടായി. അതു കഴിഞ്ഞിട്ടു ഇനിയും ചർച്ച തുടരണമെന്നു പറഞ്ഞാൽ ഇതിനൊരു അവസാനം വേണ്ടേ ? സമയം നിയന്ത്രിക്കാനുള്ള അധികാരം എനിക്കുണ്ടു്. അര മണിക്കൂർ സമയത്തിനുപകരം, ഒന്നര മണിക്കൂർ എടുത്തു കഴിഞ്ഞിരിക്കുകയാണു്. കൂടുതൽ സമയം തരാൻ നിവൃത്തിയില്ല. (ഈ അവസരത്തിലും ഭരണകക്ഷിയംഗങ്ങളായ സർവ്വശ്രീ. സി. ബി. സി. വാര്യർ, സി. കെ. ബാലകൃഷ്ണൻ, വി. വി. ദക്ഷിണാമൂർത്തി, എ. എസ്. എൻ. നമ്പീശൻ എന്നിവർ ചർച്ച അവസാനിപ്പിക്കുന്നതിനെ സംബന്ധിച്ചു പ്രതിഷേധം രേഖപ്പെടുത്തി)

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : സർ, ഈ പ്രമേയം അനുവദനീയമാണോ അല്ലയോ എന്നു തീരുമാനിക്കാൻ എത്ര സമയം വേണമെങ്കിലും എത്ര ദിവസം വേണമെങ്കിലും എടുക്കാം. ഇതു അനുവദനീയമാണോ എന്ന കാര്യത്തെക്കുറിച്ചു് ശരിക്കും മനസ്സിലാക്കി ഒരു റൂളിംഗ് തരേണ്ടതുണ്ടു്. അതിനു അങ്ങയെ സഹായിക്കാനും, ഞങ്ങൾക്കു കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാനും എതിരായും അനുകൂലമായു

LIBRARY ARCHIVES Kerala Legislative Assembly

മുള്ള വാദപ്രതിവാദങ്ങളും ഇവിടെ നടന്നേ മതിയാവൂ. സമയദൈർഘ്യത്തിന്റെ കാരണം പറഞ്ഞു എങ്ങനെയെങ്കിലും ഇതു പാസ്സാക്കിയെടുക്കാൻ അങ്ങു തീരുമാനിക്കുന്നതു് ഈ സഭയോടുതന്നെ ചെയ്യുന്ന നീതിയായിരിക്കുമോ എന്നകാര്യം ആലോചിക്കേണ്ടതാണു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി ഇവിടെ പറഞ്ഞതു വളരെ നല്ല കാര്യമാണു്. കഴിഞ്ഞപ്രാവശ്യത്തെ അനുഭവം നമുക്കില്ലേ? പ്രമേയത്തിനു അനുവദിച്ച സമയം തീർന്നുപോയി ഇനി നമുക്കു പിരിയാം എന്നു പറഞ്ഞു എല്ലാവരും പിരിയുകയായിരുന്നു ചെയ്തതു്. ഇപ്പോഴാണെങ്കിൽ എത്ര സമയം വേണമെങ്കിലും ഇരിക്കാൻ തയ്യാറാണെന്നു പറയുന്നതു സ്വാഗതാർഹമാണു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : കഴിഞ്ഞപ്രാവശ്യം അങ്ങനെ സംഭവിച്ചതിന്റെ ഉത്തരവാദിത്വം ട്രാൻസ്പോർട്ടുമന്ത്രിക്കോ മറ്റുള്ളവർക്കോ ആയിരുന്നില്ല. ഇന്നത്തെ കാര്യത്തിൽ വ്യക്തമായി ഞങ്ങളംപറയുകയാണു്, ഈ പ്രമേയം അനുവദനീയമാണോ എന്നു തീരുമാനിക്കാൻ എത്ര സമയം വേണമെങ്കിലും ഇരിക്കാൻ ഞങ്ങളും തയ്യാറാണു്. അങ്ങു അതിനു തയ്യാറാകേണ്ടതാണു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി വളരെ ആവേശത്തോടുകൂടി ഇവിടെ സംസാരിച്ചുകഴിഞ്ഞിരിക്കുകയാണു്. കഴിഞ്ഞപ്രാവശ്യം കമ്മിറ്റിയുടെ റിപ്പോർട്ടു സ്വീകരിച്ചു പ്രമേയത്തിന്റെ അഡ്മിസ്സിബിലിറ്റിയെപ്പറ്റിയുള്ള ചർച്ചകളും നടന്ന സാഹചര്യത്തിലാണു് സംസാരമുണ്ടായതു്, ഇന്നാണെങ്കിൽ റിപ്പോർട്ടു സ്വീകരിക്കാമോ എന്നതിനെസംബന്ധിച്ചാണു സംസാരിക്കുന്നതു്. നിയമം അനുസരിച്ചാണെങ്കിൽ ഇതിനു അരമണിക്കൂർ സമയമേ അനുവദിക്കാൻ പാടുള്ളൂ. സഭയുടെ പൊതുവെയുള്ള അഭിപ്രായത്തെ ആദരിച്ചാണു് കുറെ സമയംകൂടി നീട്ടിയതു്. ഇതിൽ എനിക്കു പ്രത്യേക താൽപ്പര്യമില്ലെന്നുള്ളതു വളരെ വ്യക്തമാണു്. എനിക്കിതിൽ പ്രത്യേക താൽപ്പര്യമുണ്ടെന്നുള്ള രീതിയിൽ സൂചനാപരമായ പരാമർശം ഉണ്ടാകുന്നതു ശരിയല്ല. ഒരു തരത്തിലും ഇതിൽ എനിക്കു പ്രത്യേക താൽപ്പര്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഈ കാര്യത്തിൽ നിയമപരമായി പലതും പറയാനുണ്ടു്. വെറുതെ സംസാരിച്ചു സമയം പാഴാക്കിക്കാനല്ല, നിയമസംബന്ധമായ കാര്യങ്ങളും വ്യക്തമാക്കാനാണു് സമയം വേണമെന്നു പറയുന്നതു്. നിയമപരമായ കാര്യങ്ങളുംകൂടി നിയമപരമായ രീതിയിൽതന്നെ മറുപടി പറയേണ്ടതായിട്ടുണ്ടു്. സമയം ദീർഘിക്കുന്നതുകൊണ്ടു സംസാരിച്ചു അവസാനിപ്പിക്കുകയാണെന്നു പറയുന്നതു ശരിയായിരിക്കുകയില്ല. എത്രസമയം എടുക്കുന്നതിലും അങ്ങുമായി സഹകരിക്കാൻ ഞങ്ങളും തയ്യാറാണു്. നിയമസംബന്ധമായ കാര്യമായതുകൊണ്ടു സമയം വേണ്ടിടത്തോളം നൽകേണ്ടതാണു്.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഇവിടെ ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ ഒരു പോയിന്റു് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണു്. അതിന്മേൽ ഒരു റൂളിംഗ് നൽകേണ്ടതു് ചെയറാണു്. അങ്ങനെയൊരു റൂളിംഗ് നൽകണമെങ്കിൽ നിയമസഭയിലെ എല്ലാ അംഗങ്ങളും അഭിപ്രായം പുറപ്പെടുവിച്ചിരിക്കണമെന്നു എങ്ങും പറയുന്നില്ല ബഹുമാനപ്പെട്ട സ്പീക്കറുടെ അവകാശമാണു്, കടമയാണു്. നിയമസഭാനടപടികളും എങ്ങനെ കൊണ്ടുപോകണമെന്നു തീരുമാനിക്കേണ്ടതു എന്നതു്. ഏതെങ്കിലും ഒരു പ്രശ്നം ഉന്നയിക്കപ്പെട്ടാൽ അതിനെസംബന്ധിച്ചു അവസാനവിധി കല്പിക്കാനുള്ള അവകാശം ബഹുമാനപ്പെട്ട സ്പീക്കർക്കു മാത്രമാണു്. ബഹുമാനപ്പെട്ട സ്പീക്കർ ഒരു തീരുമാനം എടുക്കുന്നതിനുമുമ്പു് അതിനു സഹായകമായ രീതിയിൽ മറ്റു മെമ്പർമാർക്കു അഭിപ്രായം പറയണമെന്നുണ്ടെങ്കിൽ, അതു കേൾക്കണമെന്നുണ്ടെങ്കിൽ അങ്ങയുടെ അനുവാദത്തോടുകൂടിമാത്രം അതു ചെയ്യാമെന്നല്ലാതെ, എല്ലാ മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

ന്നാക്കും അതിനെപ്പറ്റി സംസാരിക്കാനുള്ള അവകാശമുണ്ടെന്നു നിയമത്തിൽ പറയുന്നില്ല. അതിനുള്ള അവകാശം നിയമസഭാസാമാജികന്മാർക്കില്ല.

Shri S. P. Luiz : Sir, on a point of order.

Mr. Speaker : No more points of order. I am giving my ruling.

ഈ ചർച്ച അവസാനിപ്പിക്കാനുള്ള സമയമായി എന്നാണ് എന്റെ അഭിപ്രായം.

Certain objections have been raised here about the validity and admissibility of the resolutions which have come up before the House for discussion. I wish to state, at the outset, that I had given due consideration to these and other possible objections, even at the time of taking a decision about the admissibility of these resolutions, in accordance with Rule 117 of the Rules of Procedure and Conduct of Business in the Assembly.

It has been argued that the resolutions set for discussion today, the relative precedence of which had been determined, by means of a ballot, under Rule 21 of the Rules of Procedure, do not strictly come within the scope of the resolutions mentioned in Rules 114 to 116. On the other hand, it is contended, that these resolutions are statutory in nature coming within the ambit of Rule 22 of the Rules of Procedure, for the admission of which a different procedure is provided in the Rules.

After a careful scrutiny of the nature and scope of statutory resolutions, I have come to the conclusion that the resolutions which have been admitted and come up for discussion before the House, do not fall within that category. In particular, I wish to state the following reasons for my conclusion :

Firstly, Rule 22 of the Rules of Procedure is similar in terminology and content to Direction 9 A of the Directions of the Speaker of the Lok Sabha made under Rules of Procedure and Conduct of Business in the Lok Sabha. Direction 9 A (i) states that "a resolution, notice of which has been given in pursuance of a provision in the Constitution or in an Act of Parliament, shall not be balloted under Rule 28". It seems that Rule 22 of our Rules of Procedure has been adopted from the above Direction of the Speaker of the Lok Sabha. I need not point out that Directions of the Speaker made under the Rules of Procedure have, for all practical purposes, the force of the Rules contained in the Rules of Procedure.

It is one of the well accepted canons of interpretation, that similar provisions should be interpreted and applied in the same manner. I could not find from the proceedings of the Lok Sabha, even a single instance in which a resolution similar in character or content to the resolutions before the House, was admitted in the Lok Sabha under the guise of a 'statutory resolution'. On the contrary, the Lok Sabha have always limited 'statutory resolutions' to those "brought under statutes which provide that the rules and notifications made thereunder must be brought by the resolutions of Parliament within a specified period of time". If the argument advanced here is accepted, a resolution which is even remotely related to some provision of the multitude of laws in the country, would come within the

LIBRARY ARCHIVES Kerala Legislative Assembly

purview of the Rule. I do not think that it was ever intended, nor has it been interpreted in that manner anywhere. I cannot, therefore, subscribe to the view that these resolutions belong to the category of statutory resolutions mentioned in Rule 22 of the Rules of Procedure.

Secondly, as per Rule 22 (1), a statutory resolution is one for which notice is given in pursuance of a provision in the Constitution or in an Act of the legislature. It is contended that the term 'Legislature' will include both the State Legislature as well as the Parliament, and hence a resolution under Section 3 of the Commission of Enquiry Act, a statute passed by the Parliament, should be treated as a statutory resolution under Rule 22. This argument is a very far-fetched one and not at all convincing. In the absence of any authoritative opinion, I cannot endorse that view. By a fair reading of Articles 79 and 168 of the Constitution of India and Rule 22 of the Rules of Procedure, the term 'legislature' would mean only the State Legislature. This view is further buttressed by the fact that Rule 22 (i) is a faithful reproduction of Direction 9 A mentioned above, except for the change that in the former, the term 'legislature' is used instead of the term 'Parliament'. It is quite evident that the term 'Legislature' prefixed by the definite article 'the' stands only for the State legislature.

Thirdly, for a resolution coming under Rule 22 of the Rules of Procedure, notice must be given *in pursuance of* a provision of the Constitution or an Act of the legislature. Here notice of resolution has not been given "in pursuance of" an act of the Legislature. On the other hand, the resolution requests the Government to institute an enquiry under the Commission of Enquiry Act.

Therefore, I rule that the resolutions which have come up for discussion are not statutory resolutions.

Again, there was a reference to the Resolution which had been moved in this House by the hon. Agriculture Minister, which according to some hon. Members is a statutory resolution. I beg to differ from that view. It is true that the Electricity (Supply) Act, 1948 is an Act passed by Parliament and that the resolution moved on that day was in accordance with Section 65 of that Act. But the point of distinction which has to be noted is that, the above resolution was moved as a Government resolution and not as a statutory resolution under Rule 22 of the Rules of Procedure. A resolution seeking the approval of the House to an act or policy of the Government is to be treated as a Government resolution. (See Kaul, Practice and Procedure of Parliament, Page 514). Statutory resolutions under Rule 22 are confined to those for which notices were given in pursuance of a provision in the Constitution or in an Act of the State Legislature. It was in accordance with this view, that the Resolution given notice of by the Agriculture and Electricity Minister was treated as a Government resolution and notice was given accordingly in this House not as a statutory resolution, but as a Government resolution.

Again, Shri Warrier has stated that so many allegations have been raised about this Minister in so many sittings and sessions; what exactly the allega-

LIBRARY ARCHIVES Kerala Legislative Assembly

tions are, is not stated here, and therefore the Resolution is vague. In my humble view, that is not at all necessary. Allegations have been raised in this House. That is a fact. The specific nature of a particular day's allegation is not a question which has to be gone into at this stage.

ശ്രീ. അബു സംസാരിച്ചപ്പോൾ റസല്യൂഷന്റെ admissibility സംബന്ധിച്ചിടത്തോളം കമ്മിറ്റി പരിഗണിച്ചിട്ടില്ലെന്നും, പരിഗണിക്കാനുള്ള അവകാശമില്ലെന്നുള്ള രൂപത്തിൽ സംസാരിക്കുകയുണ്ടായി. അങ്ങനെയുള്ള പരിഗണനയും അതിനുള്ള അവകാശവും അവർക്കുകൂടി ഉണ്ടെന്നുള്ള തരത്തിൽ ഞാൻ സംസാരിച്ചതിനെ അദ്ദേഹം സ്പർശിക്കുകയുണ്ടായി. ഏതായാലും ഒരു വസ്തുത ശരിയാണു്. രണ്ടാം അനുസരിച്ചു് പ്രമേയത്തെ സംബന്ധിച്ചിടത്തോളം അവസാന തീരുമാനമെടുക്കാനുള്ള ചുമതല എനിക്കാണു്. പക്ഷേ കമ്മിറ്റി, കിട്ടുന്ന പ്രമേയം എന്തോ ആയിക്കൊള്ളട്ടെ, ആ പ്രമേയത്തിനു് ടൈം അലോട്ടു് ചെയ്യുന്ന നടപടി മാത്രം സ്വീകരിച്ചാൽ മതി എന്നുള്ള തരത്തിൽ ചെയ്യരുതു്. കമ്മിറ്റി പ്രമേയത്തെപ്പറ്റി ആലോചിച്ച ശേഷം വാലിഡായിട്ടുള്ള ഒബ്ജക്ഷൻസുണ്ടെങ്കിൽ അതു് പായിൻറൗട്ടു് ചെയ്യുകയും എന്റെ അഭിപ്രായം എന്താണെന്നുള്ളതു് അറിയുകയും ചെയ്യണം. ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ കാര്യമുള്ളവ എന്റെ അടുക്കൽ പറയുകയും ചെയ്തിട്ടുണ്ടു്. ഞാൻ അഡ്മിസിബിളാണെന്നു പറഞ്ഞതിനുശേഷമാണു് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. കമ്മിറ്റി വെറുതേ മിണ്ടാതിരുന്നു പാസ്സാക്കിയെന്നു പറയുന്നതു് ഒരു കമ്മിറ്റിക്കും ഭൂഷണമല്ല. ആ നിലയിലാണു് ഞാൻ അതേപ്പറ്റി സംസാരിച്ചിട്ടുള്ളതു്. പ്രമേയത്തിന്റെ അഡ്മിസിബിലിറ്റിയെ സംബന്ധിച്ചിടത്തോളം അഡ്മിറ്റു് ചെയ്യാമെന്നു് ഞാൻ രൂപം ചെയ്യുകയാണു്.

Mr. Speaker : Now the question is.....

ശ്രീ. കെ. കെ. അബു : ഈ പ്രമേയം അനുവദിക്കണമോ വേണ്ടയോ എന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം അങ്ങാണു് ഒരു തീരുമാനമെടുക്കേണ്ടതു്. എന്നിട്ടാണു് ഞങ്ങൾക്കു് അയച്ചുതന്നതു്. ഈപ്രമേയത്തിന്റെ ലീഗൽവശം ഞങ്ങളും നോക്കണമെന്നു പറഞ്ഞതിന്റെ നിയമവശം ഏതാണെന്നു് അങ്ങു് പറയണം.

മി. സ്പീക്കർ : അതൊക്കെ അഭിപ്രായ വ്യത്യാസമുള്ള കാര്യമാണു്. അതിനെപ്പറ്റി പിന്നീടു് കൺസിഡർ ചെയ്യാം. Anyway I am putting the motion.... (uproar) The question is.....(uproar).

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : നിയമപരമായ അവകാശമുണ്ടെങ്കിൽ അതു് പറയണമല്ലോ.

Shri S. P. Luiz : Sir, a point of order.

മി. സ്പീക്കർ : ഒബ്ജക്ഷൻസു് പറയാനുള്ള സമയമൊക്കെ കഴിഞ്ഞു.

The question is that the Eleventh Report in 1969 of the Committee on Private Members' Bills and Resolutions be adopted.

Those for, those against. The report is adopted.

The question that the Eleventh Report in 1969 of the Committee on Private Members' Bills and Resolutions be adopted was put and carried.

The report was adopted.

LIBRARY ARCHIVES Kerala Legislative Assembly